(ഡി) രണ്ടു വർഷത്തിനുമേൽ സർവീസുള്ള താൽക്കാലിക അംഗൻവാടി ജീവനക്കാർക്ക് സ്ഥിര നിയമനം നൽകുന്നതിനുള്ള ഉത്തരവ് നിലവിലുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് സ്ഥിര നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഏകാംഗ കമ്മീഷന്റെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി) അംഗൻവാടി ജീവനക്കാരുടെ പെൻഷൻ പ്രായം നിജപ്പെടുത്തിയിട്ടില്ല. റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ഒന്നും നിലവിലില്ല.

(സി) അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും അവരുടെ അർപ്പണ ബോധത്തോടെയുള്ള സേവനം പരിഗണിച്ച് നൽകിവരുന്ന ഓണറേറിയത്തിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പ്രതിമാസം 300 രൂപയുടെ വർദ്ധനവ് നടപ്പിൽ വരുത്താൻ സർക്കാർ തീരുമാനിച്ചിരിക്കുന്നതായി 2003 മാർച്ചിലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. കേന്ദ്ര സർക്കാർ വർക്കർമാർക്ക് 500 രൂപയും ഹെൽപ്പർമാർക്ക് 240 രൂപയുമാണ് പ്രതിമാസം 1-4-2002 മുതൽ പ്രാബല്യത്തിൽ അനുവദിച്ചത്. പ്രസ്തുത ആനുകൂല്യം 12-3-2003-ലെ ജി.ഒ. (ആർടി.) നമ്പർ 126/03 സാക്ഷേവ പ്രകാരം അനുവദിച്ചു നൽകിയിട്ടുണ്ട്. 1-4-2001 മുതൽ തന്നെ വർക്കർമാർക്കും ഹെൽപ്പർമാർക്കും 300 രൂപ പ്രതിമാസം സംസ്ഥാന സർക്കാർ വിഹിതമായി നൽകിവരുന്നുണ്ട്.

(ഡി) യും (ഇ) യും പൊതു ഉത്തരവുകൾ ഒന്നും നിലവിലില്ല.

സാമൂഹ്യക്ഷേമ വകുപ്പിലെ കോമ്പൻസേഷൻ ലീവ്

38 [20:5] ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ പൊതു ഒഴിവ് ദിവസങ്ങളിൽ ഡ്യൂട്ടി ചെയ്യുന്ന സൂപ്പർവൈസർമാർക്കും ഇതര ജീവനക്കാർക്കും നിലവിൽ കോമ്പൻസേഷൻ ലീവ് അനുവദിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഒരു വർഷം എത്ര ദിവസം ഇപ്രകാരം അവധി നൽകാറുണ്ട് ;

(സി) കോമ്പൻസേഷൻ ലീവ് അനുവദിക്കുന്നതിനുള്ള ഗവൺമെന്റ് ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) യും (ബി) യും (സി) യും വിവരം ശേഖരിച്ചു വരുന്നു.

കോഴിക്കോട് ആഫ്ടർ കെയർ ഹോമിന്റെ പോരായ്മകൾ പരിഹരിക്കാൻ നടപടി

39 [20:6] ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ആഫ്ടർ കെയർ ഹോമിന്റെ പോരായ്മകൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവിടെ എത്ര കുട്ടികളാണ് അന്തേവാസികളായുള്ളത്; ഇതിൽ എത്രപേർ വിദ്യാർത്ഥിനികളാണ്;

(സി) വിദ്യാർത്ഥിനികളല്ലാത്തവർക്ക് തൊഴിൽ പരിശീലനം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ പരിശീലനത്തിനാവശ്യമായ എന്തെല്ലാം സൗകര്യങ്ങളാണ് ഇവിടെ ഏർപ്പെടുത്തിയിട്ടുള്ളത്;

(ഡി) എംബ്രോയിഡറി മെഷീൻ കേടായിക്കിടക്കുന്നത് ഉപയോഗപ്രദമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഇ) ഇവിടുത്തെ ജല ദൗർലഭ്യം പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം;

(എഫ്) വിദ്യാർത്ഥിനികളുടെ ഉപരിപഠനത്തിന് ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ജി) ആഫ്ടർ കെയർ ഹോമിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ കോമ്പൗണ്ട്വാൾ നിർമ്മിക്കണമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത കാര്യത്തിൽ സ്വീകരിച്ച നടപടിയെന്തെല്ലാം;

(എച്ച്) ആഫ്ടർ കെയർ ഹോമിന്റെ പോരായ്മകളും പരിമിതികളും പഠന വിധേയമാക്കി ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കാമോ ?

ഉത്തരം

(എ) മുതൽ (എച്ച്) വരെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

ശ്രീചിത്രാ പുവർഹോമിന്റെ പദ്ധതികൾക്ക് അംഗീകാരം നൽകാൻ നടപടി

40 [2077] ശ്രീ. കെ. മോഹൻ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം ശ്രീചിത്രാ പുവർഹോമിന്റെ അധീനതയിൽ പട്ടം വില്ലേജിലെ കുമാരപുരം ജംഗ്ഷനിൽ എത്ര ഭൂമിയുണ്ട്;

(ബി) പ്രശസ്തമായ ഈ അനാഥാലയത്തിന്റെ ഉടമസ്ഥാവകാശത്തിലും അധീനതയിലുമുള്ള ഭൂമി ഇതര സംഘടനകൾക്കായി കൈമാറാൻ ഗവൺമെന്റ് ഉത്തരവിറക്കിയിട്ടുണ്ടോ ;

(സി) ഏങ്കിൽ ഏതു വ്യവസ്ഥ പ്രകാരമാണെന്നും എത്ര കാലയളവിലേക്കാണെന്നും അറിയിക്കുമോ ;

(ഡി) ശ്രീചിത്രാഹോം വക പ്രസ്തുത ഭൂമിയിൽ ശ്രീചിത്രാ പുവർഹോം അന്തേവാസികളുടെ ക്ഷേമത്തിനായി അനാഥമന്ദിരം, വൃദ്ധരുടെ സദനം, വർക്കിംഗ് വിമൻസ് ഹോസ്റ്റൽ എന്നിവ ആരംഭിക്കാനായി തീരുമാനം എടുത്തിരുന്നോ ; എങ്കിൽ എന്നാണെന്നറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly